**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലമ്പൂരിലെ അടച്ചുപൂട്ടിയ കമ്പനിയായ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ വസ്തു നികുതി കുടിശ്ശികയും പിഴയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.560/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 07.03.2019.

പരാമർശം: 1) സ.ഉ(എം.എസ്)നം.5/2009/വനം തീയതി 31.09.2009.
2) വനം & വന്യജീവി (ഡി) വകുപ്പിന്റെ 08.02.2018 ലെ 13130/ഡി3/2015/വനം നമ്പർ കത്ത്.
3) ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.07.2018 ൽ ചേർന്ന യോഗതീരുമാനം.
4) കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 28.07.2018 ൽ നിലമ്പൂർ നഗരസഭയിൽ സമർപ്പിച്ച KESWIL/MD/17-18 നമ്പർ കത്ത്.
5) നിലമ്പൂർ നഗരസഭ കൗൺസിലിന്റെ 31.07.2018 ലെ 41-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

കേരള വനം വന്യജീവി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂരിലെ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പരാമർശം (1) പ്രകാരം പിരിച്ചുവിടുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ കമ്പനിയുടെ ബാധ്യതകൾ തീർത്തെങ്കിൽ മാത്രമേ പിരിച്ചുവിടൽ പ്രക്രിയ നിയമപരമായി പൂർത്തിയാക്കുന്നതിലേയ്ക്കുള്ള അപേക്ഷ കേന്ദ്ര കമ്പനികാര്യ വകുപ്പിന് നല്കാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ കമ്പനി നിലമ്പൂർ നഗരസഭയിൽ ഒടുക്കുവാനുള്ള വസ്തു നികുതി കുടിശ്ശികയും പിഴയും ഒഴിവാക്കിനൽകാൻ പരാമർശം (3)ൽ പറയുന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2006-07 മുതൽ 2018-19 വരെ കെട്ടിട നികുതി കുടിശ്ശിക ഇനത്തിലും പിഴയായും മൊത്തം 5,48,831/- രൂപയാണ് നിലമ്പൂർ നഗരസഭയിൽ ഒടുക്കാനുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്പനി അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 281(2) പ്രകാരം കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, നിലമ്പൂർ നഗരസഭയ്ക്ക് നൽകുവാനുള്ള

വസ്തു നികുതി കുടിശ്ശികയും (ലൈബ്രറി സെസ് + സർവ്വീസ് ടാക്സ് സഹിതം) പിഴയും സഹിതം മൊത്തം 5,48,831/- രൂപ (അഞ്ച് ലക്ഷത്തി നാല്പത്തെണ്ണായിരത്തി എണ്ണൂറ്റി മുപ്പത്തൊന്ന രൂപ) ഒഴിവാക്കി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് & ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഈസ്റ്റേൺ സർക്കിൾ), ഒലവക്കോട്, പാലക്കാട് - 678 002
സെക്രട്ടറി, നിലമ്പൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
വനം വന്യജീവി (ഡി) വകുപ്പ്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Danya MS
സെക്ഷൻ ഓഫീസർ